**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **28-06-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി വ്യവസായ ഇടനാഴിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | **വിലയിരുത്തിയിട്ടുണ്ട്.**<br><br>സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്ന പദ്ധതിക്ക് വേണ്ടിയാണ്. സംസ്ഥാനത്ത് കോറിഡോറുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്.<br><br>വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ - I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.<br><br>ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നല്കി. ഇതേ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള Share Holders Agreement (SHA) NICDITയും കിൻഫ്രയും ഒക്ടോബർ 22, 2020 ന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഒരു |

| | | | |
|---|---|---|---|
| | | | പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.<br><br>പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് $CH_2M$ എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDITചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും, NICDIT ന്റെ പ്രതിനിധിയും ഉൾപ്പെടെയുള്ള അംഗങ്ങൾ ഉള്ള Kerala Industrial Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നല്കും.<br><br>വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർ പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-II ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ കൊച്ചിയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | കൊച്ചി വ്യവസായ ഇടനാഴിക്കായി നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | **വിലയിരുത്തിയിട്ടുണ്ട്.**<br><br>സംസ്ഥാനത്ത് നിലവിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നത് കൊച്ചി ബാംഗ്ലൂർ |

വ്യവസായ ഇടനാഴി എന്ന പദ്ധതിക്ക് വേണ്ടിയാണ്. സംസ്ഥാനത്ത് കോറിഡോറുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്.

വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുപ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ - I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ - II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.

ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നല്കി. ഇതേ തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള Share Holders Agreement (SHA) NICDITയും കിൻഫ്രയും ഒക്ടോബർ 22, 2020 ന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.

പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് $CH_2M$ എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDITചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും, NICDIT ന്റെ പ്രതിനിധിയും ഉൾപ്പെടെയുള്ള അംഗങ്ങൾ ഉള്ള Kerala Industrial Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക്

| | | | |
|---|---|---|---|
| | | | കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നല്കും.<br><br>വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർ പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-॥ ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ കൊച്ചിയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ